# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 5509 — 24.05.2017 ൽ മറുപടിക്ക്

## ലോക് നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫായി നിയമിക്കുന്നതിന് കണ്ടെത്തിയ യോഗ്യതകൾ

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. സണ്ണി ജോസഫ് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| **(എ)** ലോക് നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫ് സ്ഥാനത്ത് 01.06.2016 ൽ നിയമിച്ചത് നടപടിക്രമങ്ങൾ പാലിച്ചാണോ; എങ്കിൽ വിശദവിവരം നൽകാമോ; | **(എ)** അതെ. കേരള പോലീസ് ആക്ടിലെ 18(2) വകുപ്പ് പ്രകാരമാണ് ലോക് നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫ് ആയി നിയമിച്ചത്. |
| **(ബി)** ടി.പി.സെൻകുമാറിനെ സ്റ്റേറ്റ് പോലീസ് ചീഫ് സ്ഥാനത്ത് നിന്നും മാറ്റുവാനും പുതിയ ആളെ തിരഞ്ഞെടുക്കുവാനുമുള്ള ഉന്നതതല സമിതി രൂപീകരിക്കുവാൻ മുഖ്യമന്ത്രി എന്നാണ് നിർദ്ദേശം നൽകിയത്; | **(ബി)** 27.05.2016-ൽ |
| **(സി)** സ്റ്റേറ്റ് പോലീസ് ചീഫിനെ തെരഞ്ഞെടുക്കുവാനുള്ള സമിതിയുടെ യോഗം എന്നാണ് ചേർന്നത്; എത്ര പേരുടെ പേരുകൾ സമിതി പരിഗണിച്ചു; | **(സി)** 30.05.2016-ൽ. 5 പേരുടെ പേരുകൾ സമിതി പരിഗണിച്ചു. |
| **(ഡി)** ലോക് നാഥ് ബെഹ്റയെ സ്റ്റേറ്റ് പോലീസ് ചീഫായി നിയമിക്കുന്നതിന് സമിതി കണ്ടെത്തിയ യോഗ്യതകൾ എന്തെല്ലാമായിരുന്നു; | **(ഡി)** താരതമ്യേന കൂടുതൽ ഫീൽഡ് എക്സ്പീരിയൻസും പോലീസ് സേനയുടെ ഭരണപരമായ നടത്തിപ്പിൽ ഉള്ള പരിജ്ഞാനവും ആണ് സമിതി കണ്ടെത്തിയത്. |
| **(ഇ)** പോലീസ് മേധാവിയായി നിയമിക്കപ്പെടുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്നാണ് 2011 ലെ പോലീസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | **(ഇ)** യോഗ്യതകൾ നിഷ്കർഷിക്കുന്ന കേരള പോലീസ് ആക്ടിന്റെ 18-ാം വകുപ്പിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

---

(2) ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ഇന്ത്യൻ പോലീസ് സർവ്വീസിലെ സംസ്ഥാന കേഡറിലെ ഉദ്യോഗസ്ഥർക്കിടയിൽ നിന്നും, സംസ്ഥാന പോലീസ് സേനയെ നയിക്കുന്നതിനുള്ള പ്രാപ്തിയും മൊത്തമായ സേവന ചരിത്രവും തൊഴിൽ സംബന്ധമായ അറിവ്, പരിചയം എന്നിവയും കണക്കിലെടുത്ത് സർക്കാർ ഒരു സംസ്ഥാന പോലീസ് മേധാവിയെ നിയമിക്കേണ്ടതാണ്:

എന്നാൽ, സംസ്ഥാനത്തിനുവേണ്ടി ഏതെങ്കിലും കോടതിയിലോ, ട്രൈബ്യൂണലിലോ വകുപ്പുതല ഏജൻസിയിലോ ഫയൽ ചെയ്തിട്ടുള്ള ഒരു കേസിലോ ശിക്ഷണ നടപടി ക്രമത്തിലോ ഒരു ഉദ്യോഗസ്ഥനെതിരായി ഏതെങ്കിലും കുറ്റപത്രം നൽകപ്പെടുകയോ നിലനിൽക്കുകയോ

## 2011-ലെ കേരള പോലീസ് ആക്ടിലെ 18-ാം വകുപ്പ്

18. സംസ്ഥാന പോലീസ് മേധാവി - (1) സംസ്ഥാനത്ത് ഒട്ടാകെയുള്ള പോലീസിന്റെ ഭരണനിർവ്വഹണവും, മേൽനോട്ടവും, നിർദ്ദേശവും, നിയന്ത്രണവും സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി, സംസ്ഥാന പോലീസ് മേധാവി എന്ന ഉദ്യോഗപ്പേരുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ പദവിയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ഇന്ത്യൻ പോലീസ് സർവ്വീസിലെ സംസ്ഥാന കേഡറിലെ ഉദ്യോഗസ്ഥർക്കിടയിൽ നിന്നും, സംസ്ഥാന പോലീസ് സേനയെ നയിക്കുന്നതിനുള്ള പ്രാപ്തിയും മൊത്തമായ സേവന ചരിത്രവും തൊഴിൽ സംബന്ധമായ അറിവ്, പരിചയം എന്നിവയും കണക്കിലെടുത്ത് സർക്കാർ ഒരു സംസ്ഥാന പോലീസ് മേധാവിയെ നിയമിക്കേണ്ടതാണ്:

എന്നാൽ, സംസ്ഥാനത്തിനുവേണ്ടി ഏതെങ്കിലും കോടതിയിലോ, ട്രൈബ്യൂണലിലോ വകുപ്പുതല ഏജൻസിയിലോ ഫയൽ ചെയ്തിട്ടുള്ള ഒരു കേസിലോ ശിക്ഷണ നടപടി ക്രമത്തിലോ ഒരു ഉദ്യോഗസ്ഥനെതിരായി ഏതെങ്കിലും കുറ്റപത്രം നൽകപ്പെടുകയോ നിലനിൽക്കുകയോ ആണെങ്കിൽ ആ ഉദ്യോഗസ്ഥനെ സംസ്ഥാന പോലീസ് മേധാവിയായി നിയമിക്കുവാൻ പാടുള്ളതല്ല.

(3) ഈ ആക്റ്റ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കേരള സംസ്ഥാനത്ത് പോലീസിന്റെ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്ന എല്ലാ ആളുകളും, സംസ്ഥാന പോലീസ് മേധാവിയുടെ കീഴുദ്യോഗസ്ഥരായിരിക്കുന്നതാണ്.

(4) സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന എണ്ണത്തിലും വിവിധ പദവികളിലുമുള്ള ഉദ്യോഗസ്ഥർ സംസ്ഥാന പോലീസ് മേധാവിയെ സഹായിക്കേണ്ടതാണ്.

(5) സംസ്ഥാന പോലീസ് മേധാവിയെക്കാൾ സീനിയറായ ഉദ്യോഗസ്ഥരെ കേരള പോലീസിൽ നിയമിക്കാൻ പാടുള്ളതല്ല.

Manoj M
സെക്ഷൻ ഓഫീസർ